(സി) പ്രസ്തുത സെന്ററുകൾ ഉടനെന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ സിൻഡിക്കേറ്റ് അംഗങ്ങൾ, സ്റ്റാറ്റ്യൂട്ടറി ഓഫീസേഴ്സ് എന്നിവരടങ്ങുന്ന ഒൻപത് അംഗ കമ്മിറ്റി ഈ കോളേജുകളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

(ഡി) തീരുമാനമെടുത്തിട്ടില്ല.

**പുതിയ കോളേജുകൾ**

5 (1041) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം മണ്ഡലങ്ങളിലാണ് പുതിയ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര കോളേജുകളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) പുതുതായി ആരംഭിച്ച എത്ര കോളേജുകളിലേക്കാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്; ശേഷിക്കുന്ന കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത താഴെപ്പറയുന്ന 22 നിയോജക മണ്ഡലങ്ങളിൽ പുതിയ സർക്കാർ/എയ്ഡഡ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു :

- ഉദുമ
- പയ്യന്നൂർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- നാദാപുരം
- ബാലുശ്ശേരി
- കുന്ദമംഗലം
- കൊടുവള്ളി
- മങ്കട
- വേങ്ങര (എയ്ഡഡ് കോളേജ്)
- തവനൂർ
- തൃത്താല
- കോങ്ങോട്
- ചേലക്കര
- ഒല്ലൂർ
- കാട്ടാക്കട
- നെയ്യാറ്റിൻകര
- താനൂർ
- കൊണ്ടോട്ടി
- തലശ്ശേരി
- കരുനാഗപ്പള്ളി
- ആലത്തൂർ
- വൈപ്പിൻ
- മലമ്പുഴ

ഇതുകൂടാതെ സർക്കാർ കോളേജില്ലാത്ത ഏക ജില്ല എന്ന നിലയ്ക്ക് പത്തനംതിട്ടയിലും ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പ്രകാരം മറ്റപ്പുറത്തും യഥാക്രമം ഒരു സർക്കാർ കോളേജും ഒരു സർക്കാർ വനിതാ കോളേജും അനുവദിക്കാൻ തീരുമാനിച്ചിരുന്നു.

(ബി) ഇവയിൽ 18 കോളേജുകളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്. ആരംഭിച്ച കോളേജുകൾ

1. ഉദുമ
2. പയ്യന്നൂർ
3. നാദാപുരം
4. ബാലുശ്ശേരി
5. കന്ദമംഗലം
6. കൊടുവള്ളി
7. മങ്കട
8. വേങ്ങര (എയ്ഡഡ് കോളേജ്)
9. തവനൂർ
10. തൃത്താല
11. ചേലക്കര
12. ഒല്ലൂർ
13. കാട്ടാക്കട
14. നെയ്യാറ്റിൻകര
15. താനൂർ
16. കൊണ്ടോട്ടി
17. തലശ്ശേരി
18. പത്തനംതിട്ട

(സി) പുതിയതായി ആരംഭിച്ച 12 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ അദ്ധ്യാപക തസ്തികകളും 6 കോളേജുകളിൽ അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ, വേങ്ങര നിയോജക മണ്ഡലത്തിലനുവദിച്ച എയ്ഡഡ് കോളേജിലേക്കും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളേജുകളിലെ തസ്തിക സൃഷ്ടിക്കൽ നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly